കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കടപ്പുറം ഗ്രാമപഞ്ചായത്ത്

# 2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail.dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)1056/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

PIN :680 020 തിയ്യതി 25.07.2017
Ph.0487 2331249,
E.mail: dotsr.ksad@ksad.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടപ്പുറം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- കടപ്പുറം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 3-8 ഖണ്ഡികയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം),

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)1056/17 തിയ്യതി 25.07.2017

തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2017 മുതൽ 28.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവ ഓഡിറ്റിൽ പരിശോധിച്ചിട്ടുണ്ട് 2016-17വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 28/6/17 വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ

മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ചേക്കുട്ടി കെ.യു, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.06.2017 മുതൽ 30.06.2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എൻ.സതീശൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി.വിദ്യ വിക്രമൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോമോൻ.ഇ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സ്റ്റാൻലി.പി.എസ്. | സീനി.ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | മുജീബ്. പി.എം. | 01.04.2017 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | അബ്ദുൾജലാൽ. എ.എം. | 01.04.2016 മുതൽ 16.05.2016 വരെ |
| | ഉണ്ണികൃഷ്ണൻ. വി.എ. (ഇൻചാർജ്) | 17.05.2016 മുതൽ 27.12.2016 വരെ |
| | ജോസഫ്. ടി.കെ. | 28.12.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ഉണ്ണികൃഷ്ണൻ. വി.എ. | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വി.ഇ.ഒ. (ബ്ലാങ്ങാട് സർക്കിൾ) | എ.വി. സിനോജ് | 01.04.2016 മുതൽ 31.03.2017 വരെ |

| | | | |
|---|---|---|---|
| 3 | വി.ഇ.ഒ (കടപ്പുറം സർക്കിൾ) | ജയന്തി | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | വെറ്ററിനറി സർജൻ | ഡോ.റീന ജോൺ | 01.04.2016 മുതൽ 30.09.2016 F.N വരെ |
| | | അരുൺ എം.എം | 30.09.2016 AN മുതൽ 31.03.2017 വരെ |
| 5 | കൃഷി ഓഫീസർ | അഖില (എംപ്ലോയ്മെന്റ് സർവ്വീസ് | 01.04.2016 മുതൽ 28.07.2016 F.N വരെ |
| | | രമ്യ വി.എം. (എ.ഒ. ഒരുമനയൂർ – ഇൻചാർജ്) | 28.07.2016 AN മുതൽ 30.09.2016 FN വരെ |
| | | വൽസല (അഗ്രി. അസിസ്റ്റന്റ്)- ഇൻചാർജ് | 30.09.2016 A.Nമുതൽ 14.10.2016 F.N വരെ |
| | | പ്രതീഷ് വി.എസ് | 14.10.2016 A.Nമുതൽ 01.02.2017 F.N വരെ |
| | | ജോർജ്. ടി. എബ്രഹാം | 01.02.2017 A.Nമുതൽ 31.03.2017 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സ്വപ്ന | 01.04.2016 മുതൽ 31.03.2017 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.റോനിഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| 8 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.കെ.കെ. ശ്രീവൽസൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 9 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഷംസദ്. എം. | 01.04.2016 മുതൽ 31.03.2017 വരെ |
| 10 | അസി. എഞ്ചിനീയർ (LSGD) | റിഷ്മ. പി.പി. | 01.04.2016 മുതൽ 31.03.2017 വരെ |
| 11 | ഹെഡ്മിസ്ട്രസ്, GFUPS | എൽസി കൊച്ചപ്പൻ | 01.04.2016 മുതൽ 14.10.2016 വരെ |
| | | കെ.എസ്. സലിനി | 15.10.2016 മുതൽ 31.03.2017 വരെ |
| 12 | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | നിത. എ.ആർ. | 01.04.2016 മുതൽ 19.05.2016 വരെ |
| | | സുദർശൻ. എസ്. (അധികച്ചുമതല) | 23.05.2016 മുതൽ 09.06.2016 വരെ |
| | | സുജദേവൻ. വി. | 10.06.2016 മുതൽ 09.09.2016 വരെ |
| | | ആശ ബാബു. ആർ. | 20.09.2016 മുതൽ |

| | | |
|---|---|---|
| | (അധികച്ചുമതല) | 26.09.2016 FNവരെ |
| | രശ്മി. പി. രാജൻ | 26.09.2016 AN മുതൽ 16.12.2016 വരെ |
| | ആൻസിൽ. പി.എം. | 26.12.2016 മുതൽ 28.12.2016 FNവരെ |
| | ഇന്ദുലേഖ | 28.12.2016 ANമുതൽ 12.01.2017 വരെ |
| | ഫാത്തിമ | 13.01.2017 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | ഇ-ടെണ്ടർ - ടെണ്ടർ ഫോം വില - ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട 14,910/- രൂപ ലഭിക്കാൻ നടപടി സ്വീകരിക്കണം | 2-1 |
| 13 | കളക്ഷൻ രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 2-2 |
| 14 | ഡി & ഒ ലൈസൻസിന്റെ ഭാഗമായി അവശ്യ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല. | 2-3 |
| | ഭാഗം 3 | |
| 15 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 3-1 |

| | | |
|---|---|---|
| 16 | എസ്.സി. - വിവാഹ ധനസഹായം - അനുവദിക്കൽ - അപേക്ഷാ തീയതി ഇല്ല. | 3-2 |
| 17 | കടപ്പുറം ഗ്രാമ പഞ്ചായത്ത് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 3-3 |
| 18 | വാതക ശ്മശാനം - നിർമ്മാണം പുരോഗമിക്കുന്നു. | 3-4 |
| 19 | ഹുസൈൻഹാജി റോഡ് നിർമ്മാണം നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ ചമച്ചില്ല | 3-5 |
| 20 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം- വെൽഫയർ ഫണ്ട് ബോർഡിൽ അടവാക്കിയ തുകയുടെ വിവരം പ്രത്യേകം എഴുതി സൂക്ഷിച്ചിട്ടില്ല. | 3-6 |
| 21 | വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് എന്നിവയുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു | 3-7 |
| 22 | മത്സ്യഭവൻ നവീകരണം - അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടില്ല | 3-8 |
| 23 | വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ എഴുതിയിട്ടില്ല | 3-9 |
| 24 | വെള്ളക്കരം – 5881984 /- ലക്ഷം രൂപ കുടിശ്ശിക | 3-10 |
| | ഭാഗം 4 | |
| 25 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03/03/16 തിയ്യതിയിലെ 1(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31/07/2017 | 19/6/17 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017 | 23.06.2017 |

വാർഷിക കണക്കിലെ അപാകത

1)വസ്തു നികുതിയുടെ തൻവർഷ വരവ്, കുടിശ്ശിക വരവ് എന്നിവ വാർഷിക കണക്ക് (സാംഖ്യ അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയർ), സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തൻവർഷം

| | ഡിമാന്റ് | കളക്ഷൻ (വരവ്) RP-43 | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | 1991151 | 1500645 | 273693 |
| വാർഷിക കണക്ക് പ്രകാരം (സാംഖ്യ) | 1991151 | 1546503 {1291142(residential)+ 255361(non residential)} | 273693 |

കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ (വരവ്) -RP-43 | ബാലൻസ് |
|---|---|---|---|

| | | | |
|---|---|---|---|
| സഞ്ചയ പ്രകാരം | 1241944 | 716320 | 525624 |
| വാർഷിക കണക്ക് പ്രകാരം (സാംഖ്യ) | 844811 (530468+314343) | 799352 {700588 (residential) + 98764(non residential)} | 525624 |

2) നാളിതുവരെയുള്ള ആസ്തി /ബാദ്ധ്യത വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല .

വാർഷിക കണക്ക് പരിശോധിച്ച് നല്കിയ സർട്ടിഫിക്കറ്റ്, രസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10353376.50 |
| വരവ് | 48617753.00 |
| ആകെ | 58971129.50 |
| ചെലവ് | 48870203.00 |
| നീക്കിയിരിപ്പ് | 10100926.5 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (അലോട്ട്മെന്റ് പ്രകാരമുള്ളത്) | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11432048 | 11432048 | 9228695 | 2203353 | 80.72 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5110593 | 5110593 | 4045534 | 1065059 | 79.15 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2241 | 2241 | 2241 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 6719442 | 6719442 | 2681171 | 4038271 | 39.90 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3074514 | 3074514 | 2411754 | 662760 | 78.44 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6411921 | 6411921 | 6381518 | 30403 | 99.52 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 15426508 (കേന്ദ്ര വിഹിതം) | 15426508<br>8882431 | 6832627<br>0 | 8593881<br>8882431 | 44.29<br>0 |

| | | | | | | |
|---|---|---|---|---|---|---|
| | | 8882431 (സംസ്ഥാന വിഹിതം) | | | | |
| M.G.N.R.E.G.S | 1678 | 11274686 | 11276364 | 11273927 | 2437 | 99.97 |
| ബി ഫണ്ട് | 0 | 28708000 | 28708000 | 28708000 | 0 | 100 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 121 | 72496203 | 71 | 33233983 | 36 | 14 | 58.67 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 64.27% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1668979 | 2960555 | 1291576 | (+)77.38 |
| നികുതിയേതര വരവുകൾ | 361933 | 421331 | 59398 | (+)16.41 |
| മറ്റുവരവുകൾ | 422957 | 201286 | 226171 | (-)52.4 |
| ആകെ | 2453869 | 3583172 | 1577145 | (+)64.27 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 151440 | 92 |
| കർഷക തൊഴിലാളി പെൻഷൻ | 1493760 | 164 |
| വിധവാ പെൻഷൻ | 12726650 | 1274 |
| വാർദ്ധക്യകാലപെൻഷൻ | 10370885 | 1118 |
| വികലാംഗപെൻഷൻ | 2867765 | 335 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 527510 | 60 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 570000 | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.17 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 2561/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പൊതു ടാപ്പുകളുടെ വെള്ളക്കരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലല്ല അടവാക്കി വരുന്നത്. ടാപ്പുകളുടെ എണ്ണം (വാർഡ് തിരിച്ചുള്ളത്) സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മൂവബിൾ അസറ്റ്സ് (കംപ്യൂട്ടർ, യു.പി.എസ്, ഫർണീച്ചർ മുതലായവ) ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് വാങ്ങി നല്കുന്ന ഫർണീച്ചർ മറ്റ് സാധനങ്ങൾ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നില്ല. ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട് ഗുരുതരമായ വിഷയങ്ങൾ ഒന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/06/17 മുതൽ 24/06/17 വരെ | 2017 ഏപ്രിൽ, മെയ് | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13/6/2003 | 1997-1998 മുതൽ 2002-2003 വരെ | 21-08-2003 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ - ടെണ്ടർ ഫോം വില - ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട14,910 രൂപ ലഭിക്കാൻ നടപടി സ്വീകരിക്കണം

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില സർക്കാർ ഉത്തരവ് (എം.എസ്) 318/2013/ത.സ്വ.ഭ.വ. തീയതി 28-9-2013 പ്രകാരം ജില്ലയിലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. കടപ്പുറം ഗ്രാമ പഞ്ചായത്ത് അസ്.എഞ്ചിനീയർ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ 2016-17 ൽ 14910/- രൂപ എൽ.എസ്.ജി.ഡി എക്സി. എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ തുക കടപ്പുറം ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഉൾപ്പെടേണ്ട തുകയായതിനാൽ ഈ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 കളക്ഷൻ രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

30.01.17ൽ രസീത് പുസ്തകം 5517ൽ രസീതി നമ്പർ 16 മുതൽ 22 വരെയുള്ള താളുകളിൽ 5843/- രൂപ സ്വീകരിച്ചതായി കാണുന്നു. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ കളക്ഷൻ രജിസ്റ്ററിൽ ചേർക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിരുന്നില്ല.

ഓഡിറ്റിൽ എൻക്വയറിയായി ആവശ്യപ്പെട്ടതിൻ പ്രകാരം അപാകത പരിഹരിച്ചിട്ടുണ്ടെങ്കിലും

ദിവസേന സ്വീകരിക്കുന്ന പണത്തിന്റെ വിശദാംശങ്ങൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസിന്റെ ഭാഗമായി അവശ്യ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല.

1996ലെ കേരള പഞ്ചായത്ത് (അപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകല്) ചട്ടങ്ങൾ പ്രകാരം ലൈസൻസ് നൽകുമ്പോൾ താഴെ പറയുന്ന സാക്ഷ്യപത്രങ്ങൾ/രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1. സർക്കുലർ നം. 15885/RD.3/2011/ തസ്വഭവ തിയ്യതി 26.04.11 അനുസരിച്ച് ഡി&ഒ ലൈസൻസിൽ പുകവലി നിരോധനം സംബന്ധിച്ച നിബന്ധനകൾ പാലിക്കാമെന്ന സമ്മതപത്രം
2. സർക്കുലർ നമ്പർ 63624/R.C.2/2008/തസ്വഭവ തിയ്യതി 15.06.2009 പ്രകാരം സ്ഥാപനത്തിന്റെ പേര് ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തണമെന്ന സത്യപ്രസ്താവന
3. ലൈസൻസ് പുതുക്കുന്നതിന് നൽകിയ എല്ലാ അപേക്ഷകളും സ്ഥലപരിശോധന നടത്തി ഹെൽത്ത് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
4. കേരള പഞ്ചായത്ത് രാജ് ഡി&ഒ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 12 ഉപചട്ടം 3(ബി) പ്രകാരം 5 കുതിരശക്തിയിൽ കവിയാത്ത യന്ത്രമുപയോഗിച്ചുള്ളതും പരിസരമലിനീകരണമുണ്ടാക്കാത്തതുമായ വ്യവസായ സ്ഥാപനങ്ങൾക്ക് ഇതര സ്ഥാപനങ്ങളുടെ നിരാക്ഷേപ സാക്ഷ്യപത്രമോ അനുമതിയോ കൂടാതെ ലൈസൻസ് അനുവദിക്കാം.

യന്ത്രസാമഗ്രികൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റേയും മറ്റ് ക്ലിയറൻസ് ആവശ്യമുള്ള സംഗതിയിൽ ഇതര വകുപ്പുകളുടെ അനുമതിയും ആവശ്യമാണ്. എന്നാൽ ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാണുന്നില്ല.

1. വെസ്റ്റേർണൽ ഐസ് പ്ലാന്റ്
2. സുമയ്യ ഫ്ലവർമിൽ
3. പ്ലാനറ്റ് പോളിമേഴ്സ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല.

വൗച്ചർ നമ്പർ - 56 തീയതി 3-6-2016

ചെക്ക് നമ്പർ - 0159018/3-6-16

ചെലവ് - 80,000/- രൂപ.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01.04.2016 ലെ 201/ഡി.സി.1/16 നമ്പർ സർക്കുലർ പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ് 1 ന് 5000/- രൂപ വീതം 16 വാർഡുകൾക്ക് ചെലവഴിക്കുന്നതിനുള്ള തുക 80,000/- രൂപ തനത് ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ തുക കൈപ്പറ്റിയതിന്റെ തീയതിവെക്കാത്ത രശീതി ഹാജരാക്കിയിട്ടുണ്ടെങ്കിലും വിനിയോഗവുമായി ബന്ധപ്പെട്ട സബ് വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ചെലവു രേഖകളുടെ അഭാവത്തിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച 80,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 എസ്.സി - വിവാഹ ധനസഹായം - അനുവദിക്കൽ - അപേക്ഷാ തീയതി ഇല്ല.

പ്രൊജക്ട് നമ്പർ - S0050/17

വിഭാഗം - പട്ടിക ജാതി

അടങ്കൽ - 7,50,000/-

ചെലവ് തുക - 7,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം അർഹരായ 14 പേർക്ക് 50,000/- രൂപ വീതം (ആകെ 7,00,000/- രൂപ) ധനസഹായം അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ടി സഹായത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന അപേക്ഷകളിൽ 2 എണ്ണം ഒഴികെ ഒന്നിലും തന്നെ അപേക്ഷാ തീയതി രേഖപ്പെടുത്തിയിട്ടില്ല.

30.06.16 തീയതിയിലെ G.O (RT) 2037/2016 ത.സ്വ.ഭ.വ പ്രകാരം വിവാഹ തീയ്യതിയിൽ നിന്ന് ഒരു വർഷത്തിനകംതന്നെ അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. അപേക്ഷാ തീയതിയുടെ അഭാവത്തിൽ ചട്ട പ്രകാരമുള്ള സമയ പരിധി പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികളിൽ ധനസഹായം അനുവദിക്കുന്നത് സമയ പരിധി പാലിച്ചുകൊണ്ടായിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-3 കടപ്പുറം ഗ്രാമ പഞ്ചായത്ത് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

കടപ്പുറം ഗ്രാമ പഞ്ചായത്ത് കുടിവെള്ള പദ്ധതിക്കായി 54 ലക്ഷം രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ടിന് (നമ്പർ 131/16) അംഗീകാരം വാങ്ങി കേരള വാട്ടർ അതോറിറ്റിയുമായി 26-3-16 ൽ കരാറിൽ ഏർപ്പെടുകയും 2015-16 ൽ ആകെ 18,46,185/- രൂപ കൈമാറുകയും, Soil investigation, Yield test എന്നിവ നടത്തുകയും ചെയ്തു. എന്നാൽ പണി ആരംഭിച്ചിട്ടില്ല എന്ന് 2015-16 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. വാട്ടർ അതോറിറ്റിയുമായി ഉണ്ടാക്കിയ കരാറിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല.

2016-17 സാമ്പത്തിക വർഷം ടി പദ്ധതിയുമായി ബന്ധപ്പെട്ട് കറുകമാട് ടാങ്ക് പണിയുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുടെ 40,00,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും (സെന്റേജ് ചാർജ്ജ് ഉൾപ്പടെ) ടി പ്രവൃത്തിക്കായി 11,54,000/- രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. (ബിൽ നമ്പർ 6/16-17 dt.22.3.17- 4,10,079/-രൂപ, ബിൽ നമ്പർ 7/16-17 dt. 22.3.17- 7,43,921/-രൂപ)

പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളെ സംബന്ധിച്ചും, പൂർത്തീകരണം സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നമ്പർ 02/2017 തീയതി 24-06-2017) ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ ടാങ്കിന്റെ നിർമ്മാണത്തിൽ പൈലിംഗ് പൂർത്തീകരിച്ചിട്ടുണ്ടെന്നും 5 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി എൽ.എസ്.ജി.ഡി ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പൈലിംഗ് പൂർത്തീകരിച്ചതായി ബോദ്ധ്യപ്പെട്ടു. പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-4 വാതക ശ്മശാനം - നിർമ്മാണം പുരോഗമിക്കുന്നു.

കടപ്പുറം ഗ്രാമ പഞ്ചായത്തിൽ വാതക ശ്മശാനം നിർമ്മിക്കുന്നതിനായി 80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ടിന് (നമ്പർ 133/17) അംഗീകാരം വാങ്ങി കോസ്റ്റ് ഫോർഡുമായി 9-1-2017 ന് കരാറിൽ ഏർപ്പെടുകയും, ടി പദ്ധതിക്കായി നാളിതുവരെ 29,11,788/- രൂപ കോസ്റ്റ് ഫോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. (ബിൽ നമ്പർ 2/16-17 dt.15-2-17, 14,55,894/-രൂപ, ബിൽ നമ്പർ 8/16-17 dt. 29-3-17, 14,55,894/-രൂപ). ആയതിന്റെ Utilization Certificate കോസ്റ്റ് ഫോർഡ് ഹാജരാക്കിയിട്ടുണ്ട്.

കോസ്റ്റ് ഫോർഡുമായി ഉണ്ടാക്കിയ കരാർ ഉടമ്പടി പ്രകാരം (നമ്പർ 12) “Cost Ford will start the work within15 days of handing over the site and receiving first stage payment and complete the work within six months” എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് നിലവിലെ സ്ഥിതിവിവരം ആരാഞ്ഞുകൊണ്ട് നടത്തിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ കെട്ടിടത്തിന്റെ Roof Concreting പൂർത്തിയാക്കിയിട്ടുണ്ട് എന്നും 2017 ആഗസ്റ്റ് മാസം പൂർത്തീകരിക്കുമെന്നാണ് കോസ്റ്റ് ഫോർഡ് അറിയിച്ചിട്ടുള്ളത് എന്നും അറിയിക്കുകയുണ്ടായി. ഓഡിറ്റിന്റെ ഭാഗമായി എൽ.എസ്.ജി.ഡി ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ Roof Concreting പൂർത്തീകരിച്ചതായി ബോദ്ധ്യപ്പെട്ടു. നിശ്ചിത സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് ക്രിമിറ്റോറിയം പ്രവർത്തനസജ്ജമാക്കുന്ന വിഷയത്തിൽ പഞ്ചായത്തിന്റെ

മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടതാണ്.

## 3-5 ഹുസൈൻഹാജി റോഡ് നിർമ്മാണം നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ ചമച്ചില്ല

പ്രോജക്ട് നമ്പർ -130/17

പ്രോജക്റ്റിന്റെ പേര് - ഹുസൈൻഹാജി റോഡ് നിർമ്മാണം

അടങ്കൽ - 3,56,000/-

ബിൽ നമ്പർ - 19/16-17 ചെലവ് 3,56,000/-

കരാറുകാരൻ - എം.എം. സുനിൽകുമാർ

എഗ്രിമെന്റ് നമ്പർ - 35/AE/LSGD/16-17 dt. 1-3-17.

മേൽ പ്രവൃത്തിക്കായി കരാർ ലഭിച്ച എം.എം. സുനിൽകുമാറിന് 20-1-2017 ന് വർക്ക് ഓർഡർ നൽകുകയും പ്രസ്തുത വർക്ക് ഓർഡറിൽ 14 ദിവസത്തിനുള്ളിൽ കരാറിൽ ഏർപ്പെടാൻ ആവശ്യപ്പെടുകയും ചെയ്തു. ആയതു പ്രകാരം ടിയാൻ 03-02-17 നുള്ളിൽ കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. എന്നാൽ 1-3-2017 നാണ് ടിയാൻ കരാർ വെച്ചിട്ടുള്ളത്.

വർക്ക് ഓർഡറിൽ, നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതാണെന്നും അല്ലാത്തപക്ഷം 1% പിഴയോടുകൂടി (കുറഞ്ഞത് 1000 രൂപയും കൂടിയത് 25,000 രൂപയും എന്ന നിബന്ധനയിൽ) കരാർ വയ്ക്കുന്നതിന് 10 ദിവസത്തേക്കുകൂടി സാവകാശം ലഭിക്കുന്നതാണെന്നും, തുടർന്നും കരാർ വയ്ക്കാത്തപക്ഷം മറ്റൊരറിയിപ്പ് കൂടാതെ കരാറുകാരന്റെ പേരിലുള്ള ദർഘാസ് റദ്ദ് ചെയ്യുന്നതാണെന്നും, നിരദദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും എന്നും പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ളതാണ്.

മേൽ നിബന്ധനക്ക് വിരുദ്ധമായി യഥാസമയം കരാർ ചമയ്ക്കാതിരുന്നതിന് കരാറുകാരനിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും നിയമാനുസൃതമുള്ള പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്.

## 3-6 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം- വെൽഫയർ ഫണ്ട് ബോർഡിൽ അടവാക്കിയ തുകയുടെ വിവരം പ്രത്യേകം എഴുതി സൂക്ഷിച്ചിട്ടില്ല.

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻസ് വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട്, 1996ലെ സെക്ഷൻ 8(2) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിൽ നിന്നും 2% ൽ കവിയാത്ത തുക സെസ്സ് ഇനത്തിൽ ബന്ധപ്പെട്ട വർക്ക് ബില്ലുകളിൽ നിന്നും ഈടാക്കി വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. കേരള സർക്കാർ ഇത് 1% ആയി നിജപ്പെടുത്തിയിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം ടി ഇനത്തിൽ അടവാക്കിയ തുകയുടെ കൃത്യത

പരിശോധിക്കുന്നതിനായി ആയത് അടവാക്കിയതിന്റെ രശീതികളും, തുക രേഖപ്പെടുത്തുന്ന രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടപ്പോൾ (ഓഡിറ്റ് എൻക്വയറി നമ്പർ 06/2017 തീയതി 24-6-17) ലഭ്യമാക്കിയ മറുപടിയിൽ, 2016-17 വർഷം മുതൽ Online ആയി account ൽ നേരിട്ട് തുക അടവാക്കിയതിന്റെ രശീതി ലഭിച്ചിട്ടില്ല എന്നും പ്രത്യേകമായി രജിസ്റ്റർ നിലവിൽ സൂക്ഷിക്കുന്നില്ല എന്നും വ്യക്തമാക്കി. രശീതികളുടെയും, രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെയും അഭാവത്തിൽ വെൽഫയർ ഫണ്ടിൽ അടവാക്കിയ തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താൻ ഓഡിറ്റിന് കഴിഞ്ഞില്ല.

## 3-7 വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് എന്നിവയുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കുന്നതുവരെ 4378181/-രൂപ താത്ക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പ്രോജക്ട് | ബിൽ നമ്പർ/ തീയ്യതി | തുക | നല്കിയ ഏജൻസി | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 1 | 19/16-17/ എസ്.സി. സങ്കേതങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 29/16-17/ 31.3.17 | 129000 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം |
| 2 | 66/16-17/സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ | 27/16-17/ 31.3.17<br>28/16-17/ 31.3.17 | 637820<br>358650 | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, കുന്നംകുളം | വിനിയോഗ സാക്ഷ്യപത്രം |
| 3 | 12/16-17/പട്ടിക ജാതി സങ്കേതങ്ങളിലേക്ക് കുടിവെള്ളം എത്തിക്കൽ | 18/16-17/ 13.3.17 | 17105 | കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, തൃശ്ശൂർ | വിനിയോഗ സാക്ഷ്യപത്രം |
| 4 | 137/16-17/ജില്ലാ പഞ്ചായത്ത് കുടിവെള്ള പദ്ധതി | ചെക്ക് നമ്പർ 1797365/31.3.17 | 2500000 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം |
| 5 | 17/16-17/ ഐ.കെ.എം വിഹിതം അടവാക്കൽ | 7/16-17/ 21.12.16 | 49968 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം | കൈപ്പറ്റ് രസീത് |
| 6 | 155/16-17/ സാമൂഹ്യ സുരക്ഷമിഷൻ വിഹിതം | 21/16-17/ 28.3.17 | 500000 | എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹ്യ | കൈപ്പറ്റ് രസീത്, |

| | | | | | |
|---|---|---|---|---|---|
| | നല്കൽ | | | സുരക്ഷാമിഷൻ | വിനിയോഗ സാക്ഷ്യപത്രം |
| 7 | 18/16-17/ വെള്ളക്കരം അടവാക്കൽ | 19/16-17/9.3.17 | 185638 | കേരള വാട്ടർ അതോറിറ്റി | കൈപ്പറ്റ് രസീത് |
| | ആകെ | | 4378181 | | |

## 3-8 മത്സ്യഭവൻ നവീകരണം - അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടില്ല

പ്രോജക്റ്റ് നമ്പർ – 113/17

പ്രോജക്റ്റിന്റെ പേര് – മത്സ്യഭവൻ പുനരുദ്ധാരണം

അടങ്കൽ – 4,70,000/-

ബിൽ നമ്പർ – 3/16-17 ചെലവ് 82,873/- തീയതി 15-2-17

20/16-17 ചെലവ് 3,47,146/- തീയതി 31-3-17

നിർവ്വഹണ ഏജൻസി – നിർമ്മിതി കേന്ദ്ര.

അഗ്രിമെന്റ് നമ്പർ – 2/AE/LSGD/KPM/16-17 dt. 20-1-17.

കടപ്പുറം ഗ്രാമ പഞ്ചായത്തിൽ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം മുഖേന 2001 വർഷത്തിൽ നിർമ്മിച്ച മത്സ്യഭവൻ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ നടത്തുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കെട്ടിടം നവീകരിക്കുന്നതിനാവശ്യമായ എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്തിയിരുന്നു. കൂടാതെ ടോയ് ലറ്റുകളിൽ വേണ്ട സാനിറ്ററി ഫിറ്റിംഗുകളും, പ്ലംബിങ്ങും, വാട്ടർ സപ്ലൈ വർക്കുകളും ഈ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഈ ഇനങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള ഫൈനൽ ബില്ലാണ് നിർമ്മിതി കേന്ദ്ര സമർപ്പിച്ചിട്ടുള്ളത്. ഓഡിറ്റിന്റെ ഭാഗമായി എൽ.എസ്.ജി.ഡി. ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കിയ പ്രസ്തുത കെട്ടിടം പ്രവർത്തനങ്ങൾ ഒന്നും നടത്താതെ ഉപയോഗശൂന്യമായ അവസ്ഥയിലാണ് കാണപ്പെട്ടത്. ജനൽ ചില്ല് തകർന്ന് കാടുപിടിച്ച സ്ഥിതിയിലാണ് കെട്ടിടം നിലനിൽക്കുന്നത്. സാനിട്ടറി ഫിറ്റിംഗുകളും പ്ലംബിംങ്ങും വാട്ടർ സപ്ലൈ വർക്കുകളും നടത്താത്തതിനാൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ പ്രവൃത്തികൊണ്ട് കഴിഞ്ഞിട്ടില്ല. സാമ്പത്തിക വർഷം 4,30,019/-രൂപ ചെലവഴിച്ച് പൂർത്തീകരിച്ച ഈ പ്രോജക്റ്റ് ഉദ്ദേശ ലക്ഷ്യം കൈവരിക്കത്തക്ക രീതിയിൽ പ്രവർത്തന യോഗ്യമാക്കുവാനും, കെട്ടിടം സുരക്ഷിതമായി പരിപാലിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-9 വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ എഴുതിയിട്ടില്ല.

ഹെഡ് മിസ്ട്രസ് നടപ്പാക്കിയ S0131/17, S0097/17 എന്നീ പദ്ധതികളിലൂടെ ഗവൺമെന്റ് യു.പി. സ്കൂളിന് 69 കസേരകളും ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളിന് (ഇരട്ടപ്പുഴ) 6 ഫാനുകളും, ഒരു

മേശയും വാങ്ങിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ സാമഗ്രികൾ പഞ്ചായത്തിന്റേയോ, സ്കൂളിന്റേയോ സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തുകാണുന്നില്ല.

പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന സാമഗ്രികൾ പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്ററിലും, സ്കൂളിന്റെ സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തിയതിനു ശേഷം മാത്രമേ വിതരണം ചെയ്യുവാൻ പാടുള്ളൂ എന്നും പ്രസ്തുത രജിസ്റ്ററുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലും പഞ്ചായത്തിലും സൂക്ഷിക്കണമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-10 വെള്ളക്കരം - 5881984 രൂപ കുടിശ്ശിക

പഞ്ചായത്തിലെ 570 പൊതു ടാപ്പുകൾക്ക് പ്രതിമാസം 2,49,375/- രൂപ പ്രകാരം ഒരു വർഷം 29,92,500/- രൂപയാണ് അടവാക്കേണ്ടത്. തൻവർഷം 20,24,514/- രൂപ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ 13.03.17ലെ ബിൽ നം. 2054 പ്രകാരം 31.03.17 വരെയുള്ള വെള്ളക്കര കുടിശ്ശിക 58,81,984/- രൂപയാണ്. ഈ ഇനത്തിലെ ഭീമമായ കുടിശ്ശിക സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക 3-6) പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ വാട്ടർ അതോറിറ്റിയുമായി ചേർന്ന് ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ കണക്കുകൾ പ്രകാരം 250ൽ കൂടുതൽ പൊതു ടാപ്പുകൾ വിവിധ പദ്ധതികളിലായി ഗ്രാമപഞ്ചായത്ത് പരിപാലിച്ചുപോരുന്നു. എന്നിട്ടും ഇത്രയും ഭീമമായ തുക വെള്ളക്കര ഇനത്തിൽ അടവാക്കേണ്ടിവരുന്നതും, കുടിശ്ശിക ഇനത്തിൽ വൻ തുക ശേഷിക്കുന്നതും തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിന് വൻ ബാദ്ധ്യതയായി മാറിയിരിക്കുകയാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| ജില്ല പഞ്ചായത്ത് | 2016-17 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| ജില്ല പഞ്ചായത്ത് | 2015-16 | 2500000 | കറുകമാട് കുടിവെള്ള പദ്ധതി | 2500000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പദ്ധതി 2015-16 | 21500982 | 3850000 | 3850000 | - |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പദ്ധതി 2015-16 | 21500987 | 391000 | 391000 | - |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പദ്ധതി 2015-16 | 21500945 | 1070185 | 1070185 | - |
| കേരള വാട്ടർ അതോറിറ്റി | കറുകമാട് കുടിവെള്ള പദ്ധതി | 21601094 | 2500000 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | വാട്ടർ ടാങ്ക് നിർമ്മാണം കറുകമാട് | 21601040<br>21600963<br>21600962 | 999815<br>743921<br>410079 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | എസ്.സി.സങ്കേതങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 21601086 | 129000 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിക്കൽ | 21601071 | 637820 | - | വിനിയോഗ സാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| | | 21601079 | 358650 | | ലഭ്യമായിട്ടില്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 250/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 2-1 | 100 | | 11606100127/12.04.16 |
| 2013-14 | 2-1 | 150 | | 11606101652/18.04.16 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1996-97 | 16.4 | 2006-07 | ഇസ്മായിൽ സേഠ് റോഡ് നിർമ്മാണം അഡ്വാൻസ് തുക 17500/-നല്കി രേഖകൾ ഹാജരാക്കിയില്ല | അക്കൗണ്ട്സ് കമ്മിറ്റിയിൽ തീർപ്പാക്കി മറുപടി ലഭിച്ചിട്ടില്ല |
| 2006-07 | 2.9.1 | 2009-10 | ജലസംരക്ഷണ പ്രവൃത്തിയ്ക്ക് അഡ്വാൻസ് തുകയായി 4900/- രൂപ നല്കി പണിപൂർത്തീകരിക്കുകയോ അഡ്വാൻസ് തിരിച്ച് പിടിക്കുകയോ ചെയ്തിട്ടില്ല | അക്കൗണ്ട്സ് കമ്മിറ്റിയിൽ തീർപ്പാക്കി മറുപടി ലഭിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 2006-07 | 2.9.1 | 2009-10 | ഇന്ദിരാഗാന്ധി റോഡ് പ്രവൃത്തിയ്ക്ക് അഡ്വാൻസ് തുകയായി 19000/-രൂപ നല്കി പണി പൂർത്തീകരിക്കുകയോ അഡ്വാൻസ് തിരിച്ച് പിടിക്കുകയോ ചെയ്തിട്ടില്ല | അക്കൗണ്ട്സ് കമ്മിറ്റിയിൽ തീർപ്പാക്കി മറുപടി ലഭിച്ചിട്ടില്ല |
| 2006-07 | 2.9.1 | 2009-10 | രണ്ടാം വാർഡിലെ വെള്ളക്കെട്ട് ഒഴിവാക്കൽ പ്രവൃത്തിയ്ക്ക് അഡ്വാൻസ് തുകയായി 13800/-രൂപ നല്കി പണി പൂർത്തീകരിക്കുകയോ, അഡ്വാൻസ് തിരിച്ച് പിടിക്കുകയോ ചെയ്തിട്ടില്ല | അക്കൗണ്ട്സ് കമ്മിറ്റിയിൽ തീർപ്പാക്കി മറുപടി ലഭിച്ചിട്ടില്ല |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 48617753 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 48870203 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4458181 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 80000/- | ഡോ.കെ.കെ. ശ്രീവത്സൻ,<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-7 | 49968/- | ഉണ്ണികൃഷ്ണൻ വി.എ.,<br>അസി. സെക്രട്ടറി<br>(സെക്രട്ടറി ഇൻ ചാർജ്ജ്) |
| | 4328213/- | ജോസഫ് ടി.കെ., സെക്രട്ടറി |
| ആകെ | 4458181/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1989-90 | എൽ.എഫ്.ടി.11-122/95/ തിയ്യതി 4.10.98 |
| 1990-91 | എൽ.എഫ്.ടി. (എസ്. 2) 1316/11/തിയ്യതി 14.7.11 |
| 1991-92 | |
| 92-93, 93-94 | |
| 96-97 | എൽ.എഫ്.ടി. 11-316/98/തിയ്യതി 4.6.98 |
| 97-9 | എൽ.എഫ്.ടി.13-1866/99/ തിയ്യതി 3.7.2000 |
| 98-99 | എൽ.എഫ്.ടി. 11- 287/01/ തിയ്യതി 18.5.01 |
| 99-2000, 2000-01, 01-02 പദ്ധതി വിഹിതം | എൽ.എഫ്.ടി. 13- 1369/03/ തിയ്യതി 16.4.04 |
| 2003-04 | എൽ.എഫ്.ടി.13-96/06 |
| 04-05 | എൽ.എഫ്.ടി.13-280/07/ തിയ്യതി 2.6.07 |
| 05-06 | എൽ.എഫ്.ടി. 13- 2200/08/ തിയ്യതി 7.12.09 |
| 06-07 | എൽ.എഫ്.ടി. 13- 2201/08/തിയ്യതി 7.6.11 |
| 07-08 | എൽ.എഫ്.ടി.പി. 4- 2148/11 തിയ്യതി 29.11.11/5.3.12 |
| 08-09 | എൽ.എഫ്.ടി.പി. 4- 2149/11 തിയ്യതി 7.1.12/18.5.12 |
| 09-10, 10-11 | എൽ.എഫ്.ടി.പി. 4- 2398/12 തിയ്യതി 8.3.13/11.7.13 |
| 11-12 | എൽ.എഫ്.ടി.പി. 4- 1433/13 തിയ്യതി18.2.14/1.4.14 |
| 12-13 | എൽ.എഫ്.ടി.പി. 8- 1767/14 തിയ്യതി 10.2.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർപി3-192/16 തിയ്യതി 9/2/16/ 17.3.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി.8)1277/16, തിയ്യതി 29.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി8)2060/16 തിയ്യതി 05/12/16/ 21.1.17 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തൃശ്ശൂർ

# അനുബന്ധം 1

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)1056/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 തിയ്യതി 25.07.2017.
Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ

കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

No.KSA-TSR(P8)1056/17

Kerala State Audit Department,

District Audit Office, Thrissur

PIN 680 020. Dated : 25.07.2017
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Kadppuram Grama Panchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Kadappuram Grama Panchayat for the year 2016-17except the observations in my Audit Report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office,Thrissur.